بسم الله الرحمن الرحيم

# വെള്ളിയാഴ്ച ഖുത്തുബ

## ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം(അ)

**27-ജനുവരി 2012** ~ *27 January 2012*

## വെള്ളിയാഴ്ച ഖുത്തുബയുടെ സംഗ്രഹം

ഭൂമുഖത്തുള്ള തന്റെ അനുയായികൾക്കെല്ലാം സമാധാന സന്ദേശം അർപ്പിച്ച ശേഷം മസീഹുല്ലാഹ്, ശഹാദത്തും, തഅവ്വുദും സൂറ:അൽഫാത്തിഹായും ഓതിയശേഷം പറഞ്ഞു.

إِنَّا أَرْسَلْنَاكَ بِالْحَقِّ بَشِيرًا وَنَذِيرًا وَإِن مِّنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ ○

''തീർച്ചയായും, സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പു നല്കുന്നവനുമായി സത്യസമേതം നാം നിന്നെ അയച്ചിരിക്കുന്നു. ഒരു ദൈവീക മുന്നറിയിപ്പുകാരൻ വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല'' (35:25).

വിശുദ്ധ ഖുർ ആൻ അവതീർണ്ണമാകുന്നതു വരെ ലോകത്തിനു അജ്ഞാതമായിരുന്ന ഒരു സത്യം ഈ വചനത്തിലൂടെ വെളിവാക്കപ്പെടുകയാണ്. സത്യവും സന്മാർഗ്ഗവുമായി എല്ലാ ജനതയിലും ദൈവീക ദൂതന്മാർ നിയോഗിക്കപ്പെട്ടിരുന്നു എന്നതാണാ സത്യം. എല്ലാ മതങ്ങളുടെയും ഉത്പത്തി ദൈവീക വിശ്വാസത്തിലധിഷ്ഠിതമായിരുന്നു എന്ന മഹത്തായ സത്യത്തിലേക്കാണ് നമ്മെ നയിക്കുന്നത്. ഈ മതങ്ങളുടെ എല്ലാം സ്ഥാപകൻ ദൈവ ദൂതന്മാരായിരുന്നു എന്നു സാരം. മുസ്ലിംകളുടെ വിശ്വാസസംഹിതയിൽപ്പെട്ടതാണ് എല്ലാ മതങ്ങളിലും വിശ്വസിക്കുക എന്നതും, അവയെ എല്ലാം തുല്യനിലയിൽ ആദരിക്കുക എന്നതും.ഈ സനാതന സത്യത്തിന്റെ ആവിഷ്കാരത്തോടെ വിവിധങ്ങളായ വിശ്വാസികളുടെ ഇടയിൽ സ്നേഹത്തിന്റെയും നന്മയുടെയും അന്തരീക്ഷം സൃഷ്ടിക്കുവാൻ കഴിഞ്ഞു. ലോകമെമ്പാടുമുള്ള, വിവിധ വിശ്വാസങ്ങളുടെ അനുയായികൾ തമ്മിൽ ഉായിരുന്ന വെറുപ്പും വിദ്വേഷവും പകയും ഇല്ലായ്മ ചെയ്തു. എല്ലാ മതങ്ങളുടെ ഇടയിലും സമാധാനം സ്ഥാപിക്കുന്നു.

''സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നല്കുന്നവനുമായി സമസ്ത മനുഷ്യർക്കും വേിയല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. പക്ഷേ മനുഷ്യരിൽ അധികം പേരും ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ല''. (34:29)

മുഹമ്മദ് മുസ്തഫ(സ.അ) യെ, പറ്റി വിശുദ്ധ ഖുർ ആൻ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ് മാനവകുലത്തിന് ആകമാനം അവസാനകാലം വരേയ്ക്കും നിയോഗിതനായ ദൈവദൂതനാണെന്ന്. ഇസ്ലാമിന്റെ സന്ദേശം സാർവ്വദേശീയ സന്ദേശമാണ്; വിശുദ്ധ ഖുർ ആൻ അവസാനത്തെ ദൈവീകഗ്രന്ഥവും, പരിപൂർണ്ണഗ്രന്ഥമാണെന്ന് അത് അവകാശപ്പെടുന്നു. ''ഗ്രന്ഥാനുസാരികളെ, പ്രവാചകരുടെ ആഗമനം നിലച്ച ഒരു കാലത്ത് (നമ്മുടെ കാര്യങ്ങൾ) നിങ്ങൾക്കു വിവരിച്ചു തരുന്ന നമ്മുടെ ദൂതൻ നിങ്ങൾക്കു വന്നിരിക്കുന്നു. ഒരു സുവിശേഷകനോ, ഒരു താക്കീതുകാരനോ ഞങ്ങളുടെ അടുക്കൽ വന്നിട്ടില്ല. എന്ന് നിങ്ങൾ പറയാതിരിക്കാൻ വേി (യാണ് ഇത്). അതിനാൽ നിങ്ങളുടെയടുക്കൽ ഇതാ ഒരു സുവിശേഷകനും ഒരു താക്കീതുകാരനും(ആയി ഒരു ദൂതൻ) വന്നിരിക്കുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായി കഴിവുള്ളവനാകുന്നു''.(5:20)

''നിശ്ചയമായും നാം നിന്നെ സത്യത്തോടുകൂടി സുവിശേഷമറിയിക്കുന്നവനും(ശിക്ഷയെപ്പറ്റി) മുന്നറിയിപ്പു നല്കുന്നവനുമായി അയച്ചിരിക്കുന്നു. നരകവാസികളെ സംബന്ധിച്ച് നീ ചോദ്യം ചെയ്യപ്പെടുന്നതല്ല''. (2:120)

ഓ നബി, നാം നിന്നെ ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതു നല്കുന്നവനുമായി അയച്ചിരിക്കുന്നു. അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവനിലേക്ക് ക്ഷണിക്കുന്ന ആളായും പ്രകാശം നല്കുന്ന വിളക്കായും(നിന്നെ അയച്ചിരിക്കുന്നു) (33:46,47)

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വചനങ്ങളിലൂടെ ഹസ്രത്ത് മുഹമ്മദ് മുസ്തഫാ (സ.അ) യുടെ അഞ്ച് സവിശേഷമായ ഗുണങ്ങൾ അനാവരണം ചെയ്തിരിക്കുന്നു. ആത്മീയ നേതാവെന്ന

നിലയിലും, ദൈവീക സന്ദേശവാഹകൻ എന്ന നിലയിലും, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് മാനവരാശിയെ കൈപിടിച്ചു നടത്തുന്നവൻ എന്ന നിലയിലും ഒരാൾക്കുായിരിക്കേ അവശ്യ യോഗ്യതകളെല്ലാം അദ്ദേഹത്തിൽ സമ്മേളിച്ചിരിക്കുന്നു.

(1) അദ്ദേഹം ഒരു സാക്ഷിയാകുന്നു; അതായത്, നിയമം പ്രഖ്യാപിക്കുന്ന ആൾ; ഒരു മാതൃകാപുരുഷൻ.

(2) അദ്ദേഹം സന്തോഷവാർത്ത നല്കുന്നവനാണ്. അതായത്, ദൈവത്തിന് മനുഷ്യരിലുള്ള താത്പര്യം നഷ്ടപ്പെട്ടിട്ടില്ലെന്നും സന്മാർഗ്ഗം നഷ്ടപ്പെട്ട മനുഷ്യസമൂഹത്തിനും, സന്ദേശവാഹകരെയും പ്രവാചകന്മാരെയും ആവശ്യമുള്ളപ്പോൾ അയച്ചു കൊിരിക്കുമെന്നുമുള്ള (സന്തോഷവാർത്ത)

(3) അദ്ദേഹം ഒരു മുന്നറിയിപ്പുകാരനാണ്. തന്റെ അധ്യാപനങ്ങളിലൂടെ പ്രയോജനം കരസ്ഥമാക്കാതെ ദുർമാർഗ്ഗത്തിൽ വാശി പിടിച്ചു നിന്നാൽ തീർച്ചയായും ദു:ഖിക്കേി വരും(എന്ന മുന്നറിയിപ്പ്)

(4) ദൈവത്തിന്റെ മുമ്പാകെ ഹാജരാകുവാൻ കല്പനയുമായി വന്നവനാണ് അദ്ദേഹം; അതായത് താൻ സ്വയം നിയോഗിതനായ പരിഷ്കർത്താവല്ല; മറിച്ച് ദൈവനിയോഗിതനായ അധ്യാപകനാണ്.

(5) വെളിച്ചം നല്കുന്ന ഒരു വിളക്കാണ് അദ്ദേഹം; അതായത്, ഇപ്പോൾ, അദ്ദേഹം മാത്രമാണ് പ്രകാശവും വഴിയും''.

'ഖുൽ' എന്ന വാക്ക് 'ഖൗൽ' എന്ന വാക്കിന്റെ ഉത്പന്നമാണ്. ചില അധ്യായങ്ങളുടെ ആരംഭത്തിലും മറ്റനേകം വചനങ്ങളിലും ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു. ഓരോ മുസ്ലീംമിനോടും 'ഖുൽ' എന്ന വാക്ക് പ്രാവർത്തികമാക്കാൻ കല്പ്പിച്ചിരിക്കുകയാണ്. ഇസ്ലാമിന്റെ സത്യത്തെ ഏറ്റവും നല്ല രീതിയിൽ ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുക. എന്നതാണ് 'ഖുൽ' എന്ന വാക്കുകൊുദ്ദേശിക്കുന്നത്.

''ഗ്രന്ഥാനുസാരികളുമായി ഏറ്റവും ഉത്തമമായ രീതിയിലല്ലാതെ നിങ്ങൾ വിവാദം നടത്തരുത്; അവരിൽ നിന്ന് അന്യായം പ്രവർത്തിച്ചവരുമായൊഴികെ(അത്തരക്കാരോട് തർക്കുത്തരം പറയാവുന്നതാണ്) ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും നിങ്ങൾക്ക് ഇറക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെയും നിങ്ങളുടെയും ദൈവം ഒന്നു തന്നെയാണ്. ഞങ്ങൾ അവനോട് അനുസരണമുള്ളവരാണ് എന്ന് നിങ്ങൾ പറയുക''.(29:47)

മുസ്ലിംകൾ തങ്ങളുടെ വിശ്വാസം മറ്റുള്ളവർക്ക് ഉപദേശിക്കുമ്പോൾ തങ്ങൾ എങ്ങനെ ആയിരിക്കണം എന്നതിനുള്ള സുവ്യക്തമായ മാർഗ്ഗനിർദ്ദേശമാണ് ഈ വചനം അനാവരണം ചെയ്യുന്നത്. ഇരു കൂട്ടരുടെയും പൊതുവായ മതതത്വങ്ങളും വിശ്വാസങ്ങളും ഊന്നിപറയുകയുമാണ് പ്രാരംഭഘട്ടത്തിൽ ചെയ്യേത്. ഉദാഹരണമായി ഗ്രന്ഥാനുസാരികളെ ഉപദേശിക്കുമ്പോൾ, രു പ്രധാന തത്വങ്ങൾ കൊായിരിക്കണം ആരംഭിക്കേത് (1) ദൈവം ഒന്ന് (2) ദൈവീക വെളിപാട്. ഇസ്ലാമിന്റെ കാഴ്ചപ്പാട് അനുസരിച്ച് ദൈവം എല്ലാകാലത്തും താൻ തന്നെ ദൈവീക സന്ദേശം മനുഷ്യന് വെളിപ്പെടുത്തി കൊടുക്കുന്നു. എല്ലാ ജനതയിലും പ്രവാചകന്മാരെ നിയോഗിച്ചിട്ടു്. എന്നാൽ മറ്റു മതങ്ങളുടെ അനുയായികൾ വാദിക്കുന്നത് അവർക്കു മാത്രം അവകാശപ്പെട്ടതാണ്.

''ഞങ്ങൾ അല്ലാഹുവിന്റെ സന്തതികളും ഇഷ്ടജനങ്ങളുമാണ്, എന്ന് യഹൂദികളും ക്രിസ്ത്യാനികളും പറയുന്നു''.(5:19)

''പറയുക ഓ ഗ്രന്ഥാനുസാരികളെ (കുറഞ്ഞപക്ഷം) ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക് – അല്ലാഹുവല്ലാതെ നാം ആരെയും ആരാധിക്കുകയില്ലെന്നും അവനോട് യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിനു പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും(ഉള്ള തത്വത്തിലേക്ക്) വരുക. എന്നിട്ട് അവർ പിന്തിരിഞ്ഞു കളയുന്നുവെങ്കിൽ പറയുക; ഞങ്ങൾ (അല്ലാഹുവിനോട്) അനുസരണം പുലർത്തുന്നവരാണെന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുക''.(3:65)

''പറയുക: ഗ്രന്ഥാനുസാരികളെ, അല്ലാഹുവിലും ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും ഇതിനു മുമ്പ് ഇറക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിക്കുന്നുവെന്നല്ലാതെ നിങ്ങൾ ഞങ്ങളുടെ മേൽ കുറ്റം ചുമത്തുന്നുവോ? നിങ്ങളിൽ അധികം പേരും ആജ്ഞാലംഘകരാണ് എന്നതും( ഇതിനൊരു കാരണമാണ്)''(5:60)

''പറയുക ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്. അതുകൊ് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ''.(18:30)

മുകളിൽ സൂചിപ്പിച്ച വചനത്തിലെ, ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ, ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ എന്ന പ്രഖ്യാപനം ഇസ്ലാമിലെ ശാന്തിപൂർണ്ണവും സമാധാനപൂർണ്ണവുമായ ഉപദേശ രീതിയെയാണ് ചൂികാണിക്കുന്നത്. അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്ന രീതി എങ്ങനെയാണെന്ന് വിശുദ്ധ ഖുർആൻ ചൂികാണിക്കുന്നു. ഉപദേശങ്ങൾ നല്കുന്ന സാഹചര്യത്തിൽ സന്തോഷവാർത്തകൾ അല്ലെങ്കിൽ മുന്നറിയിപ്പുകൾ നല്കുമ്പോൾ അവരെ സ്വാധീനിക്കാനുള്ള എല്ലാ ഘടകങ്ങളും പരിഗണിക്കേതാണ്. ഇക്കാര്യത്തിൽ വിശുദ്ധ ഖുർ ആൻ ഉചിതമായ മാർഗ്ഗനിർദ്ദേശം എല്ലാ നിലയിലും വിവരിക്കുന്നു്. (16:126) (29:47) (41:34–36) ഈ സൂചിപ്പിച്ച വചനങ്ങൾ ഉപദേശ രീതികളെപറ്റി പ്രതിപാദിക്കുന്നതും മുമ്പ് വിശദീകരിച്ചിട്ടുള്ളതുമാണ്. താഴെ കാണുന്ന വചനം ഒരു ഉപദേശകൻ ഏതു രീതിയിലാണ് ഉപദേശിക്കുന്നത് എന്ന് പ്രത്യേകം എടുത്തു പറയുന്നു. മൂസ(അ)നോട് അല്ലാഹു നല്കിയ നിർദ്ദേശം താഴെക്കൊടുക്കുന്നു.

''നീയും നിന്റെ സഹോദരനും എന്റെ ദൃഷ്ടാന്തങ്ങളും കൊു പോവുക. എന്നെ സ്മരിക്കുന്ന കാര്യത്തിൽ നിങ്ങൾ ക്ഷീണിച്ചുപോകരുത്. നിങ്ങൾ രു പേരും ഫിർ ഔന്റെ അടുക്കലേക്ക് പോവുക. എന്തെന്നാൽ അവൻ അതിക്രമിയായിരിക്കുകയാണ്. എന്നിട്ട് നിങ്ങൾ രുപേരും അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഉപദേശം സ്വീകരിക്കുകയോ, അല്ലെങ്കിൽ ഭയപ്പെടുകയോ ചെയ്തേക്കാം. അവർ രുപേരും പറഞ്ഞു ഞങ്ങളുടെ നാഥാ; അവൻ (ഫിർ ഔൻ) തങ്ങളുടെ മേൽ അമിതത്വം പ്രവർത്തിക്കുകയോ അല്ലെങ്കിൽ അതിക്രമിക്കുകയോ ചെയ്തേക്കുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു. അവൻ(അല്ലാഹു) പറഞ്ഞു; നിങ്ങൾ രുപേരും ഭയപ്പെടേ, തീർച്ചയായും ഞാൻ നിങ്ങളുടെ കൂടെ ഉണ്ട്. ഞാൻ(പ്രാർത്ഥനകൾ) കേൾക്കുന്നു.(സ്ഥിതിഗതികൾ) കു കൊിരിക്കുകയും ചെയ്യുന്നു. അതുകൊ് നിങ്ങൾ രുപേരും അവന്റെ അടുക്കൽ ചെന്നു പറയുക, തീർച്ചയായും ഞങ്ങൾ രുപേരും നിന്റെ നാഥന്റെ ദൂതരാകുന്നു. അതിനാൽ ഇസ്രായേൽസന്തതികളെ ഞങ്ങളുടെകൂടെ അയക്കുക. നീ അവരെ ദണ്ഡിപ്പിക്കരുത്. നിശ്ചയമായും ഞങ്ങളിരുവരും നിന്റെ നാഥന്റെ പക്കൽ നിന്നുള്ള ഒരു ദൃഷ്ടാന്തവും കൊു വന്നിരിക്കുകയാണ്. (ഞങ്ങൾ കൊു വരുന്ന) സന്മാർഗ്ഗത്തെ പിൻപറ്റുന്നവനു രക്ഷയുാകുന്നതാണ്.''(20:43–48)

ഒരു ഉപദേശകൻ വളരെ മൃദുവായ ഭാഷാ ഉപയോഗിക്കേതാണ്. ഇഹലോകത്തെ അധികാരസ്ഥരോട് അർഹമായ ബഹുമാനം നല്കേതാണ്. ഏകദൈവ വിശ്വാസത്തെ സംബന്ധിച്ച് വിശുദ്ധ ഖുർ ആൻ ഒരു വിട്ടുവീഴ്ചയ്ക്കും തയാറല്ല. അവനു പങ്കുകാരെ ചേർക്കൽ ഒരു രസത്തിനു പോലും പൊറുക്കുകയില്ല. സൂക്ഷ്മസംവേദന ശക്തിമൂലം തെറ്റിലകപ്പെട്ടവരുടെ കാര്യം അനുഭാവ പൂർവ്വം പരിഗണിക്കുന്നതാണ്. അവരെ സംബന്ധിച്ചിടത്തോളം അവർ നല്ല നിലയിൽ എത്തിചേർന്നേക്കാം, എന്ന പരിഗണനയിലാണാ വിട്ടുവീഴ്ച.

''അല്ലാഹുവിനു പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും''.(6:109)

മറ്റുള്ളവരുടെ വികാരങ്ങളെ ആദരിക്കുവാൻ വീും വീും പറഞ്ഞ് മനസ്സിലുറപ്പിക്കുക മാത്രമല്ല ജനങ്ങൾക്കിടയിൽ ശാന്തിയും സമാധാനവും ഉറപ്പു നല്കുകയും ചെയ്യുന്നു.

''നാം നിന്നെ ലോകത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത്.''(21:108)

ഇസ്ലാം അതിന്റെ ആദ്യാരംഭം മുതൽ തന്നെ ഒരു സുവിശേഷഘോഷക മതമായിരുന്നു. തത്വത്തിലും പ്രവർത്തിയിലും മുഹമ്മദ് മുസ്തഫാ(സ.അ) യുടെ ജീവിതം കൊു തന്നെ ഇക്കാര്യം തെളിയിക്കുവാൻ കഴിയും. അനേകം മുസ്ലിം മതപ്രചാരകരുടെ നായകൻ എന്ന നിലയിൽ അദ്ദേഹത്തിനും, അദ്ദേഹത്തിന്റെ മിഷണറിമാർക്കും അവിശ്വാസികളുടെ ഹൃദയങ്ങളിൽ ഇസ്ലാമിക വിശ്വാസം പ്രവേശിപ്പിക്കുവാൻ കഴിഞ്ഞു എന്നുള്ളത് ഒരു സത്യവസ്തുതയാണ്.

മുഹമ്മദ് മുസ്തഫാ(സ.അ) തന്റെ അനുചരന്മാർക്കും ശത്രുക്കൾക്കും കാരുണ്യമായിട്ടാണ് വന്നിട്ടുള്ളത്. ധാർമ്മിക അന്ധകാരത്തിന്റെ അടിത്തട്ടിൽ ആപതിച്ച അറബികളെ ഉയർത്തുന്നതിലൂടെ അറബികൾക്കും അദ്ദേഹം കാരുണ്യമായിട്ടാണ് വന്നത്. അവരെ ആത്മീയതയുടെ ഉന്നത ശ്രേണിയിൽ എത്തിക്കുക മാത്രമല്ല ചെയ്തത് മറിച്ച്, ലോകബഹുമതികൾക്കവരെ അർഹരാക്കിത്തീർത്തു. അതുപോലെ അദ്ദേഹം വരും തലമുറയ്ക്കും കാരുണ്യമായിട്ടാണ് വന്നിട്ടുള്ളത്. വിശുദ്ധ ഖുർ ആനിലൂടെയും, തന്റെ വചനാമൃതങ്ങളിലൂടെയും സുരക്ഷിതവും സുവ്യക്തവുമായ മാർഗ്ഗദർശനം അവർക്കു പ്രദാനം ചെയ്തു.

.തന്റെ നിയണന്ത്രത്തിലായ മക്കയിലും, മദീനയിലും മുഹമ്മദ് മുസ്തഫാ(സ.അ)ഊർജ്ജസ്വലതയോടെ ഇസ്ലാമിക പ്രബോധനം നല്കുകയുായി. ആദ്യമായി ഇസ്ലാം മതം ആശ്ലേഷിച്ചവരിൽ തന്റെ പ്രിയപത്നി ഖദീജയും, തന്റെ ദത്തു പുത്രൻ സെയ്ദും, തന്റെ പിതൃസഹോദര പുത്രൻ അലിയും തന്റെ ആത്മമിത്രം അബൂബക്കറും, (ഉൾപ്പെട്ടിരുന്നു) ആരെപ്പറ്റിയാണോ അദ്ദേഹം പറഞ്ഞത് ''ഞാൻ വിശ്വാസത്തിലേക്ക് ഇവരെ ആരെയും ക്ഷണിച്ചില്ല; അവർ ഒരു ശങ്കയും കാണിച്ചില്ല. അവർക്കൊരമ്പരപ്പും ഇല്ലായിരുന്നു. ഒരു ചാഞ്ചാട്ടവും ഇല്ലായിരുന്നു. അബൂബക്കർ ഒഴികെ; ഞാൻ അദ്ദേഹത്തോട് ഇസ്ലാമിനെപ്പറ്റി പറഞ്ഞപ്പോൾ ഒരല്പം പോലും താമസിച്ചില്ല; പരിഭ്രമിച്ചില്ല'' അപ്പോൾ തന്നെ അദ്ദേഹം സ്വീകരിക്കുകയായിരുന്നു. ഹസ്രത്ത് മുഹമ്മദ് മുസ്തഫാ(സ.അ)യും അദ്ദേഹത്തിന്റെ ആദ്യകാല അനുയായികളും അതിനിന്ദ്യമായ പീഡനങ്ങൾ അഭിമുഖീകരിക്കേിവന്നു. വിശിഷ്യ മുസ്ലിം അടിമകൾ, അവർക്ക് സംരക്ഷകരാരുമില്ലായിരുന്നു.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ.അ) ''തായിഫി''ലേക്ക് സന്ദേശം എത്തിക്കുന്നതിനായി പോവുകയുായി. തായിഫ് ഒരു ചെറിയ പട്ടണമായിരുന്നു, മക്കയുടെ തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന ഈ സ്ഥലം മക്കയിൽ നിന്നും ഏകദേശം അറുപത് മൈൽ ദൂരത്തിലാണ്. തായിഫ് നിവാസികൾ അദ്ദേഹത്തോട് വളരെ നിന്ദ്യമായ രീതിയിലാണ് പെരുമാറിയത്. മദീനയിലെ ഗോത്രത്തിൽ നിന്നുള്ള തീർത്ഥാടകർ 'മിന' താഴ്‌വരയിൽ വച്ച് ഇസ്ലാം മതം ആശ്ലേഷിക്കുകയുായി. അവരിലൂടെ മദീനയിൽ ഈ പുതിയ വിശ്വാസ സംഹിത ക്രമേണയായി വീടുകളിൽ നിന്നും വീടുകളിലേക്കും ഗോത്രത്തിൽ നിന്നും ഗോത്രത്തിലേക്കും വ്യാപിച്ചു. ഹിജ്റ കഴിഞ്ഞ ഉടൻ, മദീന ഒരു മുസ്ലിം പട്ടണമായിത്തീർന്നു. തൊട്ടടുത്ത ഗോത്രങ്ങളിലേക്ക് അവർ ആവശ്യപ്പെട്ടതനുസരിച്ച് മുസ്ലിം ഉപദേശകരെയും അധ്യാപകരെയും അയച്ചു. അതിൽ ഒരു ഗോത്രക്കാർ എൺപതോളം ഉപദേശകരെ, അധ്യാപകരെ, അതിക്രൂരമായി കൊലപ്പെടുത്തുകയുായി. ഹുദൈബിയാ സന്ധിയെ തുടർന്ന് പരിശുദ്ധ പ്രവാചകൻ ഇസ്ലാമിന്റെ വ്യാപ്തിക്കായി മറ്റു ചില പദ്ധതികൾ ആവിഷ്കരിക്കുകയുായി. വിവിധ രാഷ്ട്ര തലസ്ഥാനങ്ങളിലേക്ക് സ്ഥാനപതിമാരെ അയക്കുകയുായി, ഓരോ സ്ഥാനപതിമാർക്കും അദ്ദേഹം രാഷട്രത്തലവന്മാർക്ക് കൈമാറാനായി കത്തു നല്കുകയുായി. ഇസ്ലാം മതം അംഗീകരിക്കുവാനുള്ള ക്ഷണക്കത്തുകളായിരുന്നു അവ. റോമാചക്രവർത്തി ആയിരുന്ന ഹെറാക്ലിസിനും ഇറാനിലെ രാജാക്കന്മാർക്കും, ഈജിപ്ത്, അബീസീനിയ തുടങ്ങിയ രാജ്യങ്ങളിലേക്ക്, മറ്റു പല മുഖ്യന്മാർക്കും കത്തുകൾ നല്കുകയുായി.

ഇസ്ലാമിന്റെ സന്ദേശം അറേബ്യയിലേക്ക് മാത്രമായിരുന്നില്ല; മുഴുലോകത്തിനും വേിയുള്ളതാണ് സന്ദേശം കാരണം ഒരേ ഒരു ദൈവമാണുള്ളത്. അതുകൊു തന്നെ ഒറ്റ മതമാണ് വേത്. അതുകൊു തന്നെ മാനവസമൂഹത്തെ മുഴുവൻ അതിലേക്ക് ക്ഷണിക്കേിയിരിക്കുന്നു. ഈ വാദം സാർവ്വദേശീയമാണ്. അതുകൊു തന്നെ ലോകജനതയും, ലോകരാഷട്രങ്ങളും ഇതിലേക്ക് ചായേതാണ്. AD 628 ൽ മുഹമ്മദ് മുസ്തഫാ(സ.അ) കത്തുകളിലൂടെ സന്ദേശമെത്തിക്കുന്നതിനുള്ള പ്രാവർത്തിക മാർഗ്ഗം കത്തുകയുായി.

ഇസ്ലാമിന്റെ സാർവ്വദേശീയ സന്ദേശത്തിൽ ഹസ്രത്ത് മുഹമ്മദ് മുസതഫാ(സ.അ) അതിന്റെ ആദ്യാരംഭത്തിൽ തന്നെ വിശ്വസിച്ചിരുന്നത് വളരെ വ്യക്തമായ കാര്യമാണ്. ഇസ്ലാം ഉപദേശകരുടെ സംഘമാണ്. വിശുദ്ധ ഖുർ ആന്റെ അധ്യാപനങ്ങൾ പറഞ്ഞ്,പറഞ്ഞ് മനസ്സിലാക്കി കൊടുക്കുന്നതാണ് ആ സംഘത്തിന്റെ ജോലി. ഒരു മുസ്ലിംമിന്റെ ഏറ്റവും പ്രധാനപ്പെട്ട ജോലി അല്ലാഹുവിന്റെ സന്ദേശം എത്തിക്കുക എന്നതാണ്. ഒരാളിന്റെ അഭിപ്രായം ബുദ്ധിപരമായ കഴിവ്, സമൂഹത്തിലെ സ്ഥാന, പദവി, ഇതെല്ലാം പരിഗണിച്ചു കൊായിരിക്കണം സന്ദേശം എത്തിക്കേത്. എല്ലാ പ്രബോധന അഥവാ ഉപദേശ മതങ്ങളുടെയും ലക്ഷ്യം മാനവരാശിയെ സത്യത്തിലേക്ക് വഴി നടത്തുക എന്നുള്ളതാണ്. ഇൻഷാ അല്ലാഹ്. ഈ മാർഗ്ഗത്തിൽ നിങ്ങളെ എല്ലാവരെയും അല്ലാഹു അനുഗ്രഹിക്കട്ടെ, ആമീൻ.

*Translated by: R. Jamaludin Raother, Amir*
*Jamaat Ul Sahih Al Islam kerala*
*Ph: 9447001832, 0475-2252530*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*